


- മുട്ടിൽ
- മാണ്ടാട് പി.ഒ.
- 673122
- വയനാട് ജില്ല

**CONTACT**

04936 231465,   9400815354

woupschoolmuttil@gmail.com

https://woupschool.edupage.org/


## തന്ത്രപരമായ സമീപനം
**(STRATEGIC APPROACH)**

- ഗുണമേന്മയുള്ള വിദ്യാഭ്യാസം (QUALITY EDUCATION)
- പ്രത്യേക പഠന പിന്തുണ REMEDIAL & COACHING
- മത്സര പരീക്ഷാ പരിശീലനം EXAM COACHING

**വ്യക്തിത്വ വികസനം (PERSONALITY DEVELOPMENT)**

**അക്കാദമിക് പ്രവർത്തനങ്ങൾ (REGULAR ACADEMIC ACTIVITIES)**

**പഠന അന്തരീക്ഷം (LEARNING ENVIRONMENT)**

**അധ്യാപക വികസനം (TEACHER DEVELOPMENT)**

# ഡബ്ല്യൂ ഒ യു പി എസ് മുട്ടിൽ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### കാഴ്ചപ്പാട് (Vision)

**ഓരോ കുട്ടിയുടെയും വ്യക്തിഗതമായ കഴിവുകൾ തിരിച്ചറിഞ്ഞ്, ആധുനികവും പ്രായോഗികവുമായ പഠനരീതികളിലൂടെ അവരെ ഭാവിയിലേക്ക് സജ്ജരാക്കുകയും, പഠനം സന്തോഷകരമായ ഒരനുഭവമാക്കി മാറ്റുകയും ചെയ്യുക.**

### ദൗത്യം (Mission)

**ഓരോ കുട്ടിക്കും സമഗ്രമായ പഠനാനുഭവം ഉറപ്പാക്കിക്കൊണ്ട്, അക്കാദമിക മികവിനൊപ്പം സാമൂഹികവും വൈകാരികവും വ്യക്തിത്വപരവുമായ വളർച്ചയ്ക്കും ഊന്നൽ നൽകി, അറിവും മൂല്യങ്ങളുമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.**

### പ്രധാന ലക്ഷ്യങ്ങൾ (Key Objectives)

- **അടിസ്ഥാനപരമായ കഴിവുകൾ മെച്ചപ്പെടുത്തുക:**
  എല്ലാ കുട്ടികൾക്കും വായന, എഴുത്ത്, ഗണിതം എന്നിവയിൽ ശക്തമായ അടിത്തറ ഉറപ്പാക്കുക.
- **സമഗ്രമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം:**
  ഓരോ കുട്ടിയുടെയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ശ്രദ്ധയും പിന്തുണയും നൽകുക.
- **ചിന്താശേഷിയും പ്രശ്നപരിഹാരശേഷിയും വളർത്തുക**
  ചോദ്യങ്ങൾ ചോദിക്കാനും, വിമർശനാത്മകമായി ചിന്തിക്കാനും, പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും കുട്ടികളെ പ്രോത്സാഹിപ്പിക്കുക
- **വ്യക്തിത്വ വികസനം**
  കുട്ടികളുടെ ആന്തരിക കഴിവുകൾ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുകയും, സാമൂഹികവും വൈകാരികവുമായ വളർച്ച ഉറപ്പാക്കുകയും ചെയ്യുക.
- **സർഗ്ഗാത്മകതയും നൈപുണികളും പ്രോത്സാഹിപ്പിക്കുക**
  കല, സംഗീതം, ക്രാഫ്റ്റ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക.
- **ഡിജിറ്റൽ സാക്ഷരത വളർത്തുക**
  സാങ്കേതിക വിദ്യയുടെ സാധ്യതകൾ മനസ്സിലാക്കാനും, ഉത്തരവാദിത്തത്തോടെ ഉപയോഗിക്കാനും കുട്ടികളെ പഠിപ്പിക്കുക.
- **നല്ല ശീലങ്ങളും മൂല്യങ്ങളും വളർത്തുക**
  അച്ചടക്കം, സഹകരണം, സഹാനുഭൂതി തുടങ്ങിയ നല്ല ശീലങ്ങളും മൂല്യങ്ങളും കുട്ടികളിൽ വളർത്തുക.

## REFERENCE





# തന്ത്രപരമായ സമീപനം (STRATEGIC APPROACH)

- **ഗുണമേന്മയുള്ള വിദ്യാഭ്യാസം (QUALITY EDUCATION)**

  പ്രീ-ടെസ്റ്റ് അധിഷ്ഠിത പഠനം:- സ്കൂൾ തുറക്കുന്ന ആദ്യ ആഴ്ചയിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ പ്രീ-ടെസ്റ്റ് നടത്തുന്നു. പ്രീ-ടെസ്റ്റ് ഫലങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളെ ക്ലാസ് ടീച്ചർ (നിലവാരം അനുസരിച്ച്) തരം തിരിക്കുന്നു. ഓരോ കുട്ടിയെയും നിലവിലെ നിലവാരത്തിൽ നിന്നും ഉയർത്തുന്നതിനുള്ള തന്ത്രങ്ങൾ ക്ലാസ് ടീച്ചർ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു.

- **പ്രത്യേക പഠന പിന്തുണ (REMEDIAL & COACHING):**

  പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക Remedial ക്ലാസുകളും അധിക കോച്ചിംഗും (Additional Coaching) നൽകുന്നു. മാറ്റമില്ലാതെ തുടരുന്ന കുട്ടികൾക്ക് സ്കൂൾ തലത്തിൽ കൈത്താങ്ങ് എന്ന പേരിൽ പ്രത്യേക കോച്ചിംഗ് സൗകര്യങ്ങൾ ഒരുക്കുന്നു.

- **ക്ലാസ് ടീച്ചർ മോണിറ്ററിംഗ് & റെക്കോർഡ് കീപ്പിംഗ്:**

  ക്ലാസ് ടീച്ചർ ഓരോ കുട്ടിയുടെയും പഠന പുരോഗതി നിരന്തരം നിരീക്ഷിക്കുകയും വ്യക്തമായ രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്യുന്നു. സ്കൂളിൽ നിന്ന് നൽകുന്ന **'Teacher's Diary'** യിൽ രേഖപ്പെടുത്തലുകൾ നടത്തുന്നു. ഓരോ മാസത്തിലും ഒരു **SRG** മീറ്റിംഗ് കുട്ടികളുടെ പഠന നിലവാരത്തിൽ വന്ന മാറ്റങ്ങൾ വിശദമായി ചർച്ച ചെയ്യാനും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുമായി മാറ്റിവെക്കുന്നു

- **വിവിധ നിലവാരക്കാർക്കുള്ള പദ്ധതികൾ:**

  - **AVERAGE കുട്ടികൾക്ക്:** ക്ലാസ് ടീച്ചർ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ (Guidance) നൽകുന്നു. ഉദാഹരണത്തിന് കുട്ടികൾക്ക് വീട്ടിൽ നിന്നും പഠിക്കാനുള്ള ടൈംടേബിൾ തയ്യാറാക്കി കൊടുക്കുക, നിരന്തരം രക്ഷിതാക്കളുമായി കുട്ടികളുടെ പഠന കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുക. സ്കൂൾ തലത്തിൽ പ്രത്യേക പഠന പദ്ധതികൾ (ക്യാമ്പുകൾ ഉൾപ്പെടെ) ആസൂത്രണം ചെയ്യുന്നു.

  - **ABOVE AVERAGE കുട്ടികൾക്ക്: HIGH Q പദ്ധതി:**
    ഉയർന്ന നിലവാരത്തിലുള്ള പഠന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

  - **BELOW AVERAGE കുട്ടികൾക്ക്: (കൈത്താങ്ങ്) :**
    ക്ലാസ് ടീച്ചർ നിരന്തരമായ പിന്തുണയും പ്രത്യേക ശ്രദ്ധയും നൽകുന്നു.
    സ്കൂൾ തലത്തിൽ കൈത്താങ്ങ് പദ്ധതി നടപ്പാക്കുന്നു.

  - **മത്സര പരീക്ഷാ പരിശീലനം:** LSS/USS, Numats, രാമാനുജൻ, ടാലന്റ് സെർച്ച് പരീക്ഷകൾ തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്നു. വിവിധതരം മത്സര പരീക്ഷകൾ എഴുതാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

# വ്യക്തിത്വ വികസനം
## (PERSONALITY DEVELOPMENT)

### നൈപുണി വികസന ക്യാമ്പുകൾ (SKILL DEVELOPMENT CAMPS):

കുട്ടികളുടെ കഴിവുകൾ വളർത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള വിവിധതരം ക്യാമ്പുകൾ (ഉദാ: സ്കിൽ ഡെവലപ്മെന്റ് ക്യാമ്പ്) സംഘടിപ്പിക്കുന്നു.

### കഴിവ് കണ്ടെത്തലും പ്രോത്സാഹനവും:

കുട്ടികളിലെ ആന്തരികമായ കഴിവുകൾ (കായികം, കല, സാഹിത്യം, ശാസ്ത്രം തുടങ്ങിയവ) കണ്ടെത്തി 'Teacher's Diary' യിൽ രേഖപ്പെടുത്തുന്നു. (Consolidation List). കണ്ടെത്തിയ കുട്ടികളെ അവരുടെ താല്പര്യമുള്ള മേഖലകളിലേക്ക് തിരിച്ച് വിടുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. സ്കൂൾതല കലാകായിക ശാസ്ത്ര മേളകളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ പിന്തുണ ഈ കുട്ടികൾക്ക് നൽകുന്നു.

### മേളകളും പൊതു പ്രചാരണവും:

കലാ-കായിക ശാസ്ത്ര മേളകൾ സ്കൂൾതലത്തിൽ നേരത്തെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. എല്ലാ മികവുകൾക്കും വേണ്ടത്ര പ്രചാരണവും (Publicity) അംഗീകാരവും നൽകുന്നു. വിദ്യാർത്ഥികൾക്ക് സാമൂഹ്യബോധം, സംഘാടന ശേഷി, സഹകരണ മനോഭാവം എന്നിവ വളർത്തുന്നതിന് വളരെ സഹായകമാണ്.

### കായിക മേഖലയ്ക്ക് ഊന്നൽ:

കായിക മേഖലയിലെ വിവിധ ഗെയിമുകളിലേക്ക് കുട്ടികളെ ജൂൺ മാസത്തിൽ തന്നെ കണ്ടെത്തി പരിശീലനം ആരംഭിക്കുന്നു.

### വിദ്യാരംഗം കലാസാഹിത്യ (ARTS & LITERARY ):

- പോസ്റ്റർ മത്സരം
- എഴുത്തുപ്രതിഭ (കവിത, ലേഖനം, ചെറുകഥ)
- വായനാമത്സരം, കവിതാ പാരായണം
- നാടകം, മോണോ ആക്ട്

### വിദ്യാർത്ഥി ശാസ്ത്ര/സാമൂഹ്യ ശാസ്ത്ര/ ഗണിത ശാസ്ത്ര/ പ്രവർത്തിപരിചയ/ഐ.ടി മേളകൾ (SCIENCE FEST)

- സയൻസ് പ്രദർശനം
- പ്രായോഗിക പരീക്ഷണങ്ങൾ
- വൈദ്യുത-യാന്ത്രിക മോഡലുകൾ
- പ്രൊജക്ട് പ്രദർശനം
- മലയാളം ടൈപ്പിംങ്
- ഡിജിറ്റൽ പെയിന്റിങ്
- ശാസ്ത്ര ക്വിസ് മത്സരം
- ചരിത്രപ്രദർശനം
- തനത് കൃഷിപദ്ധതികളുടെ പ്രദർശനം
- നാടൻ ഉത്പന്നങ്ങൾ,
- പഴയ വസ്തുക്കളുടെ സംഗ്രഹം

PHONE
04936 231465,
900815354

MAIL
woupschoolmuttil@gmail.com

ADDRESS

# അക്കാദമിക് പ്രവർത്തനങ്ങൾ
# REGULAR ACADEMIC ACTIVITIES)

## സ്കീം ഓഫ് വർക്ക് അനുസരിച്ചുള്ള പഠനം (Scheme of Work):

സ്കീം ഓഫ് വർക്ക് പ്രകാരം പഠന പ്രവർത്തനങ്ങൾ ചിട്ടയായി നടത്തുന്നു. SRG കളിൽ സ്കീം ഓഫ് വർക്ക് കൃത്യമായി നടപ്പിലാക്കുന്നുണ്ടോ എന്ന് അവലോകനം നടത്തുന്നു.

## തുടർച്ചയായ മൂല്യനിർണ്ണയം: (Assessment)

സ്കൂൾ വിദ്യാർത്ഥികളുടെ പഠനത്തിൽ സുസ്ഥിരത ഉറപ്പാക്കാനും, പ്രതിമാസമായി പഠിച്ച വിഷയങ്ങൾ അവലോകനം ചെയ്യാനും, അവരുടെ പഠന പുരോഗതി നിരീക്ഷിക്കാനുമുള്ള ഒരു മികച്ച മാർഗമാണ്

## പ്രതിമാസ പരീക്ഷകൾ (Monthly Tests)

**<u>പ്രതിമാസ പരീക്ഷകളുടെ ലക്ഷ്യങ്ങൾ:</u>**

- **പാഠഭാഗങ്ങളുടെ തിരിച്ചറിയൽ** – ഓരോ മാസവും പഠിപ്പിച്ച പാഠങ്ങൾ വിദ്യാർത്ഥികൾക്ക് എത്രമാത്രം മനസ്സിലായി എന്നത് അറിയാൻ.
- **വിദ്യാർത്ഥികളുടെ പുരോഗതിയുടെ വിലയിരുത്തൽ** – ഓരോ കുട്ടിയുടെയും ശക്തികൾ, പിഴവുകൾ തിരിച്ചറിയാൻ
- **പരീക്ഷയെ നേരിടാനുള്ള മനോബലം വളർത്താൻ** – പ്രധാന പരീക്ഷകൾക്ക് മുമ്പ് ഏകാഗ്രതയും ആത്മവിശ്വാസവും നൽകാൻ.
- ആഭിപ്രായങ്ങൾ/അവലോകനം അധ്യാപകർക്കും രക്ഷിതാക്കൾക്കും നൽകാൻ.
- മിഡ് ടേം, ടേം പരീക്ഷകളുടെ മാർക്കുകൾ ക്ലാസ് ടീച്ചർ ഏകീകരിച്ച് (Consolidate) ടീച്ചേഴ്സ് ഡയറിയിൽ സൂക്ഷിക്കുന്നു.

## വാർഷിക പദ്ധതിയും ടൈം ടേബിളും:

സമഗ്രമായ ഒരു വാർഷിക പദ്ധതി (Year Plan) തയ്യാറാക്കുന്നു.

പഠന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനായി കൃത്യമായ ടൈം ടേബിൾ (Time Table) നിർമ്മിച്ചു നൽകുന്നു. സ്കൂൾതലത്തിൽ ഓരോ അക്കാദമിക് വർഷത്തെയും ആസൂത്രിതമായി മുന്നോട്ടു നയിക്കുവാനായി ഉപയോഗിക്കാവുന്ന

**ലക്ഷ്യം:** കുട്ടികളുടെ ആകമാനമായ ബൗദ്ധിക, ശാരീരിക, സാംസ്കാരിക, സാമൂഹിക വളർച്ച.

- ഓരോ മാസത്തിന്റെയും Target Learning Outcomes (TLO) തയ്യാറാക്കുന്നു
- Monthly Review Meeting നടത്തുന്നു
- കേന്ദ്രീകൃത Calendar (academic + co-curricular) സ്ഥാപിക്കുന്നു
- വിദ്യാർത്ഥി പ്രൊഫൈൽ individual ആയി തുടരുക (പ്രതിമാസം അപ്ഡേറ്റ് ചെയ്യുന്നു)

https://woupschool.edupage.org/ woupschoolmuttil@gmail.com

04936 231465, 9400815354

# പഠന അന്തരീക്ഷം (LEARNING ENVIRONMENT)

## കുട്ടികൾക്ക് സൗഹൃദപരമായ ക്ലാസ് മുറികൾ:

വർണ്ണാഭമായതും സുരക്ഷിതവുമായ ക്ലാസ് മുറികൾ, കുട്ടികൾക്ക് എളുപ്പത്തിൽ പഠന സാമഗ്രികൾ ലഭ്യമാവുന്ന രീതിയിൽ ക്രമീകരിക്കുന്നു. സാങ്കേതിക വിദ്യയുടെ ഉപയോഗം: സ്മാർട്ട് ക്ലാസ് റൂമുകൾ, കമ്പ്യൂട്ടർ ലാബുകൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ ഉറപ്പാക്കുന്നു. പഠന കോർണറുകൾ,ഓരോ ക്ലാസിലും ചെറിയ ലൈബ്രറി, കളിസ്ഥലം, ക്രാഫ്റ്റ് കോർണർ എന്നിവ ഒരുക്കുന്നു.

## പ്രകൃതിയോട് ഇഴുകിച്ചേർന്ന പഠനം:

സ്കൂൾ പരിസരത്ത് ചെറിയൊരു പൂന്തോട്ടം, ജൈവ വൈവിധ്യ കോർണർ എന്നിവ ഒരുക്കി പ്രകൃതി പഠനത്തിന് അവസരം നൽകുന്നു.

## അസംബ്ലി പ്രവർത്തനങ്ങൾ:

- മാസത്തിൽ രണ്ടു തവണയെങ്കിലും പൊതു അസംബ്ലി നടത്തുന്നു.
- പൊതു അസംബ്ലിക്ക് പുറമേ ലോവർ പ്രൈമറി (LP), അപ്പർ പ്രൈമറി (UP) വിഭാഗങ്ങൾക്ക് വെവ്വേറെ അസംബ്ലികൾ നടത്തുന്നു.
- അസംബ്ലിയിൽ യൂണിഫോം, അച്ചടക്കം, നല്ല ശീലങ്ങൾ/മൂല്യങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണം നൽകുന്നു.

## നല്ല ശീലങ്ങളുടെ പരിശീലനം

- നല്ല ശീലങ്ങളും മൂല്യങ്ങളും എന്തൊക്കെയാണെന്ന് ലിസ്റ്റ് ചെയ്ത് ക്ലാസ് മുറികളിൽ പ്രദർശിപ്പിക്കുന്നു. പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം ഉപയോഗപ്പെടുത്തി നല്ല ശീലങ്ങളെ കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കുന്നു.

## സർഗ്ഗവേളകൾ

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'സർഗ്ഗവേളകൾ' ഉപയോഗപ്പെടുത്തുന്നു. വിദ്യാരംഗ പ്രവർത്തനങ്ങൾക്ക് പുറമേ നിർദ്ദേശിഷ്ട വിഷയത്തിൽ പ്രസംഗിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. ഓരോ കുട്ടിയുടെയും ഉള്ളിൽ ചെറിയൊരു കലാകാരൻ, ശാസ്ത്രജ്ഞൻ, എഴുത്തുകാരൻ, ഗായകൻ, ആവിഷ്കാരകൻ തുടങ്ങിയവൻ ഉറങ്ങിക്കിടക്കുന്നു – അതിനെ ഉണർത്തുന്നത് അധ്യാപകരുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തിലൂടെയാണ്.

## സർഗ്ഗാത്മക കഴിവുകളുടെ പ്രധാന മേഖലകൾ

| മേഖല | ഉദാഹരണങ്ങൾ |
|---|---|
| • കല | ചിത്രരചന,പെയിന്റിംഗ്,ശില്പം, ഗ്രാഫിക് ഡിസൈൻ |
| • സാഹിത്യം | കവിത, കഥ, ലേഖനം, നാടക രചന, പാഠരചന |
| • സംഗീതം | ഭജന, ശാസ്ത്രീയ സംഗീതം, ഫ്യൂഷൻ, സംഗീതസംവിധാനം |

https://woupschool.edupage.org/
woupschoolmuttil@gmail.com
04936 231465, 9400815354

## അധ്യാപക വികസനം
(TEACHER DEVELOPMENT)

**തുടർച്ചയായ പരിശീലനം**: പുതിയ പഠനരീതികൾ, സാങ്കേതിക വിദ്യകൾ ചൈൽഡ് സൈക്കോളജി പ്രത്യേക പഠന പിന്തുണ നൽകുന്നതിനുള്ള തന്ത്രങ്ങൾ,, എന്നിവയിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നു. പരസ്പര പഠനം: അധ്യാപകർക്ക് അവരുടെ മികച്ച പഠിപ്പിക്കൽ രീതികൾ പരസ്പരം പങ്കുവെക്കാനുള്ള വേദികൾ ഒരുക്കുന്നു. പ്രൊഫഷണൽ ലൈബ്രറി: ലൈബ്രറിയിൽ അധ്യാപകർക്കായി അക്കാദമിക് പുസ്തകങ്ങളും പഠന വിഭവങ്ങളും ലഭ്യമാക്കുന്നു.

## രക്ഷിതാക്കളുടെ പങ്കാളിത്തം (PARENTAL INVOLVEMENT)

**തുടർച്ചയായ ആശയവിനിമയം:** കുട്ടികളുടെ പഠന പുരോഗതിയെക്കുറിച്ചും വ്യക്തിത്വ വികസനത്തെക്കുറിച്ചും രക്ഷിതാക്കളെ അറിയിക്കുന്നതിനായി മീറ്റിംഗുകൾ സംഘടിപ്പിക്കുകയും റിപ്പോർട്ട് കാർഡുകൾ നൽകുകയും ചെയ്യുന്നു. പഠന പിന്തുണ: വീട്ടിൽ കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രക്ഷിതാക്കൾക്ക് നൽകുന്നു. സ്കൂൾ പരിപാടികളിൽ പങ്കാളിത്തം: സ്കൂളിലെ വിവിധ പരിപാടികളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു.
**രക്ഷിതാക്കൾക്കായി PEP:** രക്ഷിതാക്കൾക്കായി സ്കൂൾ തയ്യാറാക്കിയ കൈ പുസ്തകം ഉപയോഗപ്പെടുത്തി പാരന്റിങ് ക്ലാസുകൾ നൽകുന്നു

## സമയക്രമം (TIMELINE)

**അക്കാദമിക് ഘട്ടം ഒന്ന് (ജൂൺ - ഓഗസ്റ്റ്)**

- പ്രീ-ടെസ്റ്റ് നടത്തി കുട്ടികളെ തരം തിരിക്കുന്നു.
- അധ്യാപകർക്ക്പു തിയ പഠനരീതികളെക്കുറിച്ചുള്ള പരിശീലനം ആരംഭിക്കുന്നു.
- റെമെഡിയൽ/അധിക കോച്ചിംഗ് ക്ലാസുകൾ ആരംഭിക്കുന്നു.
- കായിക മേഖലയിലേക്ക് കുട്ടികളെ കണ്ടെത്തുന്നു.
- SRG മീറ്റിംഗുകൾ

**അക്കാദമിക് ഘട്ടം രണ്ട് (സെപ്റ്റംബർ - നവംബർ):**

1. സ്കിൽ ഡെവലപ്മെന്റ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 2)പ്രതിമാസ പരീക്ഷകളും അവലോകനങ്ങളും തുടരുന്നു. 3)അസംബ്ലി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നു.
4) രക്ഷിതാക്കളുമായുള്ള ആശയവിനിമയം ശക്തിപ്പെടുത്തുന്നു. 5) കലാകായികമേളകൾ നടത്തുന്നു.

**അക്കാദമിക് ഘട്ടം മൂന്ന് (ഡിസംബർ - ഫെബ്രുവരി):**

1. * വാർഷിക പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നു.
2. മത്സര പരീക്ഷകൾക്കുള്ള പരിശീലനം ഊർജ്ജിതമാക്കുന്നു.

**അക്കാദമിക് ഘട്ടം നാല് (മാർച്ച് - മെയ്):**

1. വാർഷിക പരീക്ഷകൾ നടത്തുന്നു.
2. അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ വാർഷിക അവലോകനം നടത്തുന്നു.
3. അടുത്ത അക്കാദമിക് വർഷത്തേക്കുള്ള ആസൂത്രണം ആരംഭിക്കുന്നു.